**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6219** **09-11-2021 - ൽ മറുപടിയ്ക്ക്**

**തൊഴിൽരഹിതരായ യുവാക്കൾക്ക് തൊഴിൽ കണ്ടെത്തുന്നതിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | യുവജനക്ഷേമവകുപ്പ് മുഖേന തൊഴിൽരഹിതരായ യുവാക്കൾക്ക് തൊഴിൽ കണ്ടെത്തുന്നതിന് ഏതെങ്കിലും പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിൽ ഇടുക്കി ജില്ലാ യുവജന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ജില്ലകളിലെ യൂത്ത് കോ-ഓർഡിനേറ്റർമാരും കേരള വോളന്റീറി യൂത്ത് ആക്ഷൻ ഫോഴ്സ് അംഗങ്ങളും ചേർന്ന് എൽ.ഇ.ഡി ചലഞ്ച് എന്ന സംരംഭത്തിന് തുടക്കമിടുകയും എൽ.ഇ.ഡി ബൾബുകൾ നിർമ്മിക്കുന്നതിന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും തെരഞ്ഞെടുത്ത വോളന്റിയർമാർക്ക് പരിശീലനം നൽകുകയുമുണ്ടായി. പരിശീലനം പൂർത്തിയാക്കിയവർ ചേർന്ന് എൽ.ഇ.ഡി ബൾബുകൾ നിർമ്മിക്കുകയും ഈ ബൾബുകൾക്ക് യുവ എൽ.ഇ.ഡി ബൾബ് എന്ന നാമകരണം നടത്തുകയും ചെയ്തു. പരിശീലനത്തിന്റെ ഭാഗമായി നിർമ്മിച്ച 9 വാട്ട് ബൾബുകൾ വിപണിയിലെത്തിക്കുകയും ഇതുവഴി സമാഹരിച്ച തുക ബഹു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകുകയും ചെയ്തു. സംസ്ഥാനത്ത് ആകെ 680 പേർക്ക് ഈ പരിശീലനം നൽകുകയും 2,98,415/-രൂപ സമാഹരിക്കുകയും ചെയ്തിട്ടുണ്ട്. യുവജന കൂട്ടായ്മകൾ രൂപപ്പെടുത്തി പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയും അതിലൂടെ വരുമാനം ആർജ്ജിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ ടി പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിൽ വിജയിച്ചിട്ടുണ്ട്. കേരള സംസ്ഥാന യുവജന കമ്മീഷൻ നടത്തുന്ന യുവജനങ്ങളുടെ ഫെസിലിറ്റേഷൻ പ്രോഗ്രാം പദ്ധതിയിലെ വിർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ഭാഗമായി യുവാക്കൾക്ക് തൊഴിലവസരങ്ങൾ സംബന്ധിച്ച അറിയിപ്പ് നൽകുന്നതിനും തൊഴിൽ നേടാൻ പറ്റിയ കോഴ്സുകൾ സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും സർക്കാർ, സ്വകാര്യ തൊഴിൽദായകരിൽ നിന്നും |

| | | | |
|---|---|---|---|
| | | | ലഭ്യമായ തൊഴിലവസരങ്ങൾ സംബന്ധിച്ച വിവരങ്ങൾ യുവജനങ്ങളിൽ എത്തിക്കുന്നതിനുമായി കെൽട്രോൺ മുഖേന പൂർത്തീകരിച്ച ജോബ് പോർട്ടൽ പദ്ധതി പൂർണ്ണമായും പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ ടി പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിലേയ്ക്കായി മൊബൈൽ ആപ്പ് കെൽട്രോൺ മുഖേന വികസിപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ തൊഴിൽദായകരിൽ നിന്നും തൊഴിൽ അന്വേഷകർക്ക് തൊഴിലവസരങ്ങൾ നേരിട്ട് തെരഞ്ഞെടുക്കുന്നതിനായി സംസ്ഥാനത്ത് വിവിധ ജില്ലകളിലായി ജോബ് ഫെസ്റ്റുകൾ സംഘടിപ്പിച്ചു വരുന്നു. |
| (ബി) | സംസ്ഥാനത്ത് യുവജനങ്ങളുടെ നേതൃത്വത്തിലുള്ള സഹകരണ സംഘങ്ങൾ രൂപീകരിക്കുമ്പോൾ യുവതലമുറയ്ക്ക് സ്വയംതൊഴിൽ സംരഭങ്ങളിൽ ഏർപ്പെടുന്നതിന് ഏതെങ്കിലും പദ്ധതികളുടെ നടത്തിപ്പോ, മേൽനോട്ടമോ ഇത്തരം സംഘങ്ങളെ ഏൽപ്പിക്കുന്നതിനായി യുവജനക്ഷേമവകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | യുവജനങ്ങളുടെ നേതൃത്വത്തിലുള്ള സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള പദ്ധതികൾ ഒന്നും തന്നെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ